'ഭരണഭാഷ-മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: എൻ.പ്രശാന്ത് ഐ.എ.എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- പർച്ചേസ് വിഭാഗം- 2012-2013 സാമ്പത്തിക വർഷത്തിൽ സാധനസാമഗ്രികൾ സംഭരിക്കുവാൻ വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവ് നൽകിയിരുന്നത്-പെൻഡിംഗ് പേമെന്റ് നൽകുന്നത്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- G.O.(Rt)No.1410/13/LBR തീയതി 3/8/13.

**ഉത്തരവ് നമ്പർ.ഇ2/10135/13 തീയതി: 27.9.2013.**

1.നടപ്പു സാമ്പത്തിക വർഷത്തിൽ 2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐസ് 34-oc-3-other items(Plan) 2013-2014 ശീർഷകത്തിൽ 30 കോടി രൂപ അനുവദിച്ചിരുന്നതിൽ 4.90 കോടി രൂപ(നാല് കോടി തൊണ്ണൂറ് ലക്ഷം രൂപ)2012-2013 സാമ്പത്തിക വർഷത്തിൽ വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവ് നൽകിയിരുന്നതു പ്രകാരം തുക മാറി നൽകുന്നതിനായി സർക്കാർ അനുമതി നൽകികൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ കളിലെ ട്രെയിനികളുടെ പരിശീലനത്തിനും ട്രേഡുകളുടെ അഫിലിയേഷൻ നേടിയെടുക്കുന്നതിനും വേണ്ടി വിവിധ കമ്പനികൾക്ക് 2012-2013 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവുകൾ നൽകിയിരുന്നതുപ്രകാരം കമ്പനികൾ സാധനങ്ങൾ തൃപ്തികരമായി വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ടി കമ്പനികൾക്ക് സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ അനുസരിച്ച് ഡയറക്ടറേറ്റിൽ നിന്നും ഇനി ഒരു അനുമതി ഇല്ലാതെ തന്നെ തുക മാറി നൽകുന്നതിനുള്ള അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തുക മാറി നൽകുന്നതിന് മുമ്പ് വിതരണം നടത്തുന്ന സ്ഥാപനം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പാർട്ട് പേയ്മെന്റ് നൽകാൻ പാടില്ലാത്തതുമാണ്.

4. ടി കമ്പനികൾക്ക് തുക മാറി നൽകുന്ന വിവരം ഡയറടേറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ട താണ്.

5. വിവിധ കമ്പനികൾ തൃപ്തികരമായി സാധന സാമഗ്രികൾ വിതരണം ചെയ്തതിന്റെ പേമെന്റ് നൽകുന്ന അവസരത്തിൽ കമ്പനികൾ അയച്ചുതന്ന ഇൻവോയ്സിൽ ചെക്ക് സർട്ടിഫിക്കറ്റ്, സ്റ്റോക്ക് സർട്ടിഫിക്കറ്റ്, പേമെന്റ് സർട്ടിഫിക്കറ്റ് എന്നിവ രേഖപ്പെടുത്തി ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി ഒരു പകർപ്പ് തുടർനടപടികൾക്കായി ഡയറക്ടറേറ്റിൽ അയച്ചുതരേണ്ടതാണ്.

6. ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ റാണ്ടം ചെക്കിംഗ് നടത്തി തുക വിതരണം തൃപ്തികരമായ രീതിയിലാണ് നടത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

To

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്

CA to DT, CA to ADT, Senior FO/CA to JDT,

AO II/JSE(1),(2)/ പർച്ചേസ് സെക്ഷൻ ക്ലാർക്കുമാർക്ക്
കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

ജോയിന്റ് ഡയറക്ടർ

ആർ.28/9/2013